**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1053** **18-09-2025 - ൽ മറുപടിയ്ക്ക്**

**വന്യജീവികളെ പ്രതിരോധിക്കുവാൻ പ്രായോഗിക നടപടികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സണ്ണി ജോസഫ് | | ശ്രീ. എ. കെ. ശശീന്ദ്രൻ<br>(വനം-വന്യജീവി വകുപ്പ് മന്ത്രി) | |
| (എ) | വനത്തിന് പുറത്തെത്തി നാശം വിതയ്ക്കുന്ന വന്യജീവികളെ പ്രതിരോധിക്കുവാൻ വന്യജീവി സംരക്ഷണ നിയമത്തിലെ വകുപ്പ് 11 (2) ഫലപ്രദമായി ഉപയോഗിക്കുന്നതിൽ സംസ്ഥാന സർക്കാർ പരാജയപ്പെടുന്നു എന്ന ആരോപണം ഗൗരവത്തോടെ കാണുന്നുണ്ടോ; ഈ കാര്യത്തിൽ എന്തൊക്കെ തിരുത്തൽ നടപടികൾ സ്വീകരിക്കും എന്ന് വ്യക്തമാക്കുമോ; | (എ) | സന്ദിഗ്ധ ഘട്ടത്തിൽ സ്വന്തം ജീവൻ രക്ഷിക്കുന്നതിനോ മറ്റൊരു വ്യക്തിയുടെ ജീവൻ രക്ഷിക്കുന്നതിനോവേണ്ടി ആക്രമണകാരിയായ വന്യമൃഗത്തെ പരിക്കേല്പിക്കുകയോ കൊല്ലുകയോ ചെയ്യുന്നത് കുറ്റകരമല്ല എന്നാണ് വന്യജീവി (സംരക്ഷണ) നിയമത്തിലെ വകുപ്പ് 11(2) വ്യവസ്ഥ ചെയ്തിരിക്കുന്നത്. ഇങ്ങനെ ഒരു മൃഗത്തെ കൊല്ലുകയോ പരിക്കേല്പിക്കുകയോ ചെയ്യുന്ന വ്യക്തി നിയമത്തിലേയോ അനുബന്ധ ചട്ടങ്ങളിലേയോ മറ്റ് വ്യവസ്ഥകൾ ലംഘിക്കാൻ പാടില്ല എന്നും ഈ വകുപ്പ് വ്യക്തമാക്കുന്നുണ്ട്. പ്രസ്തുത വകുപ്പ് ഏറ്റവും അടിയന്തര സാഹചര്യങ്ങളിൽ മാത്രം ഒരു വ്യക്തിയുടെ ജീവൻ രക്ഷിക്കുന്നതിനായി മാത്രം ഉപയോഗിക്കേണ്ടതാണ്. നിലവിലെ കേന്ദ്ര വന്യജീവി സംരക്ഷണ നിയമത്തിലെ വ്യവസ്ഥകൾ പ്രകാരം വനത്തിന് പുറത്തിറങ്ങുന്ന വന്യജീവിയെ പ്രതിരോധിക്കുവാൻ 11(1)(a), 11(1)(b) എന്നീ വകുപ്പുകൾ പ്രകാരമുള്ള നടപടിയേ സ്വീകരിക്കുവാൻ കഴിയൂ. |
| (ബി) | വന്യജീവികളെ അതിന്റെ ആവാസവ്യവസ്ഥയിൽ നിലനിർത്തുന്നതിനും പ്രജനനം നിയന്ത്രിക്കുന്നതിനും വന്യജീവി ആക്രമണങ്ങൾ തടയുന്നതിനും മുൻസർക്കാരിന്റെ കാലം മുതൽ നാളിതുവരെ ഓരോ സാമ്പത്തിക വർഷവും അനുവദിച്ച തുകയും ചെലവഴിച്ച തുകയും ഇനം തിരിച്ച് വ്യക്തമാക്കുമോ; | (ബി) | സംസ്ഥാനത്തെ ദേശീയോദ്യാനങ്ങളുടേയും കടുവാ സങ്കേതങ്ങളുടേയും വന്യജീവി സങ്കേതങ്ങളുടേയും പരിപാലനത്തിനും നഷ്ടപരിഹാരമുൾപ്പെടെ മനുഷ്യ-വന്യജീവി സംഘർഷ ലഘൂകരണങ്ങൾക്കുമായി 2016-17 മുതൽ നാളിതുവരെ ചെലവഴിച്ചിട്ടുള്ള തുകയുടെ വർഷം തിരിച്ചുള്ള വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു. |
| (സി) | വർഷംതോറും കോടിക്കണക്കിന് രൂപ ഇത്തരത്തിൽ ചെലവഴിച്ചിട്ടും വന്യജീവി ആക്രമണങ്ങളെ പ്രതിരോധിക്കാൻ സർക്കാർ പരാജയപ്പെട്ട സാഹചര്യത്തിൽ അയൽ സംസ്ഥാനങ്ങളെ മാതൃകയാക്കി ശാസ്ത്രീയമായ കാഴ്ചപ്പാടും സാങ്കേതികവിദ്യയും കൂട്ടിയിണക്കി പ്രായോഗിക | (സി) | വന്യജീവി സംഘർഷങ്ങൾ ലഘൂകരിക്കുവാൻ ഫലപ്രദമായ നടപടികളാണ് സർക്കാർ സ്വീകരിച്ചിട്ടുള്ളത്. ഇതിനായി വളരെ വിശദമായ പദ്ധതികളാണ് നിലവിൽ നടപ്പാക്കി വരുന്നത്. ഇന്ത്യയിൽ വന്യജീവികളേയും അവയുടെ ആവാസ വ്യവസ്ഥയും പരിരക്ഷിക്കുന്നത് 1972 ലെ വന്യജീവി (സംരക്ഷണ) നിയമം മൂലമാണ്. ടി നിയമത്തിനും |

| | | | |
|---|---|---|---|
| | സമീപനം സ്വീകരിക്കുവാൻ തയ്യാറാകുമോ;<br>വ്യക്തമാക്കുമോ? | | ബന്ധപ്പെട്ട ചട്ടങ്ങൾക്കും അനുസൃതമായി മാത്രമേ സംസ്ഥാന സർക്കാരിന് പ്രവർത്തിക്കാനാവുകയുള്ളൂ. വനവും വന്യജീവികളും ഉള്ള എല്ലാ ഭൂപ്രദേശത്തും മനുഷ്യ-വന്യജീവി സംഘർഷങ്ങൾ നിലനിൽക്കുന്നുണ്ട്. മനുഷ്യ-വന്യജീവി സംഘർഷങ്ങളുടെ കാരണങ്ങളുടെ വ്യത്യസ്തത പോലെ തന്നെ ഓരോ പ്രദേശത്തും ലഘൂകരണ നടപടികളും വ്യത്യസ്തമായിരിക്കും. കേരളത്തിൽ തന്നെ ഭൂലഭ്യത, ഭൂപ്രകൃതി, ഭൂവിനിയോഗം, ജനസാന്ദ്രത, സാമൂഹിക-സാംസ്കാരിക പ്രത്യേകതകൾ, വന്യജീവികളുടെ വിന്യാസം എന്നിവയ്ക്ക് അനുസൃതമായി ഓരോ മേഖലയ്ക്കും അനുയോജ്യമായ മനുഷ്യ-വന്യജീവി സംഘർഷ ലഘൂകരണ നിവാരണ പ്രവർത്തനങ്ങളാണ് നടത്തി വരുന്നത്. സർക്കാരിന്റെയും വനം വകുപ്പിന്റേയും പ്രവർത്തനങ്ങൾ ഫലം കാണുന്നു എന്നാണ് മുൻ വർഷങ്ങളെ അപേക്ഷിച്ച് മനുഷ്യ-വന്യജീവി സംഘർഷങ്ങളിലെ മനുഷ്യരുടെ ജീവൻ നഷ്ടപ്പെടുന്നത് കുറഞ്ഞു വരുന്നതായിട്ടുള്ള കണക്കുകൾ വ്യക്തമാക്കുന്നത്.<br>മനുഷ്യ-വന്യജീവി സംഘർഷ ലഘൂകരണ നിവാരണ പ്രവർത്തനങ്ങൾക്ക് ശാസ്ത്രീയവും, സാങ്കേതികവിദ്യയുടെ അടിസ്ഥാനത്തിലും, ഏറ്റവും നൂതനമായ മാർഗ്ഗങ്ങളും സർക്കാരും വനം വകുപ്പും സ്വീകരിച്ചു വരുന്നുണ്ട്. അതോടൊപ്പം മനുഷ്യ-വന്യജീവി സംഘർഷ ലഘൂകരണ പ്രവർത്തനങ്ങൾക്ക് പരമ്പരാഗത അറിവുകളും മാർഗ്ഗങ്ങളും പ്രായോഗിമായി ഉപയോഗിച്ചു വരുവാൻ ശ്രമിക്കുന്നുണ്ട്. മനുഷ്യ-വന്യജീവി സംഘർഷ ലഘൂകരണ പ്രവർത്തനങ്ങളിൽ ഇന്ത്യയിലെ മറ്റു സംസ്ഥാനങ്ങളേക്കാൾ മികച്ച മാതൃകയാണ് കേരളം സ്വീകരിച്ചിട്ടുള്ളത്. |

സെക്ഷൻ ഓഫീസർ

അനുബന്ധം

**സംസ്ഥാനത്തെ ദേശീയോദ്യാനങ്ങളുടേയും കടുവാ സങ്കേതങ്ങളുടേയും ദേശീയദ്യാനങ്ങളുടേയും പരിപാലനത്തിനും നഷ്ടപരിഹാരമുൾപ്പെടെ മനുഷ്യ-വന്യജീവി സംഘർഷ ലഘൂകരണങ്ങൾക്കുമായി വിവിധ പദ്ധതികളിലൂടെ ലഭ്യമായ തുകയും ചെലവഴിച്ച തുകയും**

*(തുക ലക്ഷം രൂപയിൽ)*

| | കേന്ദ്രാവിഷ്കൃത പദ്ധതികൾ | | സംസ്ഥാന പദ്ധതികൾ | | ആകെ | |
|---|---|---|---|---|---|---|
| വർഷം | റിലീസ് | ചെലവ് | റിലീസ് | ചെലവ് | റിലീസ് | ചെലവ് |
| 2016-17 | 4794.56 | 4580.52 | 1107.00 | 1090.42 | **5901.56** | **5670.94** |
| 2017-18 | 3891.23 | 3787.34 | 1746.92 | 1716.22 | **5638.15** | **5503.56** |
| 2018-19 | 3944.78 | 3500.22 | 2390.00 | 1775.67 | **6334.78** | **5275.89** |
| 2019-20 | 3012.84 | 2817.15 | 2440.00 | 2096.31 | **5452.84** | **4913.46** |
| 2020-21 | 3804.27 | 3761.34 | 2460.00 | 2457.31 | **6264.27** | **6218.65** |
| 2021-22 | 3448.51 | 3280.78 | 2870.00 | 2869.70 | **6318.51** | **6150.48** |
| 2022-23 | 2293.40 | 2269.38 | 2723.00 | 2654.19 | **5016.40** | **4923.57** |
| 2023-24 | 3407.95 | 3291.01 | 4455.00 | 4276.25 | **7862.95** | **7567.26** |
| 2024-25 | 2107.23 | 1651.54 | 3958.92 | 3950.33 | **6066.15** | **5601.87** |
| 2025-26* | 1034.42 | 17.68 | 349.68 | 272.20 | **1384.10** | **289.88** |
| **ആകെ** | **31739.20** | **28956.96** | **24500.52** | **23158.60** | **56239.72** | **52115.55** |

*2025-26 സാമ്പത്തിക വർഷത്തിലെ ഐ.ഡി.ഡബ്ല്യൂ.എച്ച്. പദ്ധതിയിൻകീഴിലുള്ള ഫണ്ട് ഇതുവരെ ലഭിച്ചിട്ടില്ല. പ്രോജക്ട് എലിഫന്റ്, പ്രോജക്ട് ടൈഗർ എന്നീ പദ്ധതികളുടെ കേന്ദ്രവിഹിതം ലഭിച്ചിട്ടുണ്ടെങ്കിലും ആയത് SNA SPARSH സംവിധാനത്തിലൂടെ വിതരണം ചെയ്യുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.